**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (എ) | കേരള അഗ്രിക്കൾച്ചർ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. കൃഷി വകുപ്പിലെ സബോർഡിനേറ്റ് സർവീസിന്റെ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ലഭിക്കുന്നതിന് സ്യൂട്ടബിലിറ്റി പരീക്ഷ പാസ്സാകണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ അതൊഴിവാക്കി മറ്റ് വകുപ്പുകളിലെ പോലെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിലുള്ള ഉത്തരവുകൾ പ്രകാരം കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ആയി പ്രൊമോഷൻ ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന Suitability Test വിജയിച്ചിരിക്കണം. കൂടാതെ B.Sc അഗ്രികൾച്ചർ യോഗ്യതയുള്ള കൃഷി അസ്സിസ്റ്റൻമാർക്ക്, യോഗ്യത നേടി 3 വർഷം കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനം പൂർത്തിയാക്കിയതിനുശേഷം കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്നുണ്ട്. സീനിയോറിറ്റി അനുസരിച്ച് കൃഷി അസിസ്റ്റന്റിൽ നിന്നും കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുമോ; കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകുവാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുമോ? | (സി) | കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുന്നുണ്ട്. കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകുവാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ